# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *119 — 14.06.2012 ൽ മറുപടിക്ക്

## റബ്ബറൈസ്ഡ് പി.ഡബ്ല്യൂ.ഡി. റോഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>,, തോമസ് ഉണ്ണിയാടൻ<br>,, റ്റി.യു.കുരുവിള<br>,, സി.എഫ്.തോമസ് | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മുഴുവൻ പി.ഡബ്ല്യൂ.ഡി. റോഡുകളും റബ്ബറൈസ്ഡ് ആക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരി - ക്കുമെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകളും, മേജർ ജില്ലാ റോഡുകളും റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ച് ഉപരിതലം പുതുക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. ഏകദേശം 3000 കി. മീ.ലധികം റോഡുകൾ ഇതിനകം റബ്ബറൈസ്ഡ് ടാറിംഗ് നടത്തിയിട്ടുണ്ട്. ദേശീയപാതകൾ, നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ (NRMB) ഉപയോഗിച്ചാണ് ടാറിംഗ് നടത്തുന്നത്. |
| (ബി) റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;<br><br>(സി) റോഡുകളുടെ നവീകരണം സമയ ബന്ധിതമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ ഉണ്ടാകു മെന്ന് വ്യക്തമാക്കുമോ ? | (ബി) & (സി) നിലവിലുള്ള റോഡുകൾ അന്തർദേശീയ നിലവാരത്തിൽ പുനരുദ്ധ- രിക്കുന്നതിനായി 'സ്റ്റേറ്റ് റോഡ് ഇംപ്രൂ- വ്മെന്റ് പ്രോജക്ട് (SRIP)) എന്ന പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം കൊടുത്തിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കു ന്നതിനായി 'റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (RICK Ltd) എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കേരള റോഡ് ഫണ്ട് ബോർഡിന്റെ (KRFB) ആഭിമുഖ്യത്തിൽ വികസിപ്പിക്കുന്ന നഗര റോഡുകൾ ഇൻഡ്യൻ റോഡ് കോൺഗ്രസ്സ് (IRC) നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡം അനുസരിച്ചാണ് പുനരുദ്ധാരണം |

നടത്തുന്നത്. കെ.എസ്.ടി.പി റോഡുകൾ IRC സ്പെസിഫിക്കേഷനും MORTH ഡാറ്റായും പ്രകാരമാണ് പ്രവൃത്തികൾ ചെയ്യുന്നത്. ശാസ്ത്രീയമായ പഠനം, ഉദ്യോഗസ്ഥർക്കും കരാറുകാർക്കും പരിശീലന പരിപാടികൾ, പുതിയ സാങ്കേതിക വിദ്യയനുസരിച്ചുള്ള നിർമ്മാണം എന്നിവ വഴി റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് ശ്രമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ